നമ്പർ. ജി5/ഇ-35609/2017/ടി.സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,
തിരുവനന്തപുരം- 14, [☎0471-2333337/2333317
ഫാക്സ് 04712333314] www.mvd.kerala.gov.in [ഇ-മെയിൽ -
tcoffice@keralamvd.gov.in ]

തിയതി : 06.04.2018

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ആർ.ടി.ഒ/ ജോയിന്റ് ആർ.ടി.ഒ-മാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് —പെരുമ്പാവൂർ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന — വ്യാജ രേഖകൾ ഉപയോഗിച്ച് എൽ.പി.ജി.ടാങ്കറുകൾ രജിസ്റ്റർ ചെയ്തത് — പൊതു നിർദ്ദേശംനൽകുന്നത് — സംബന്ധിച്ച്.

സൂചന :- 06-07-17 തിയതിയായ 1533182/സി3/17/ട്രാൻസ് നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പെരുമ്പാവൂർ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ വ്യാജ മേൽവിലാസം ഉപയോഗിച്ചാണ്എൽ.പി.ജി.ടാങ്കറുകൾ രജിസ്റ്റർ ചെയ്തതെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഇത്തരം പ്രവണതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഒരു പൊതു നിർദ്ദേശം നൽകുവാൻ വിജിലൻസ് ആവശ്യപ്പെട്ടതനുസരിച്ച് സൂചനയിൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്ത് അപേക്ഷകർ സമർപ്പിക്കുന്ന താൽകാലിക മേൽവിലാസ രേഖകൾ പരിശോധിക്കുന്നതിനായി പ്രസ്തുത മേൽവിലാസങ്ങളിലേയ്ക്ക് രജിസ്റ്റേഡ് കത്ത് അയക്കുകയും, രെജിസ്റ്റേഡ് rent deeds മാത്രമേ വാഹനങ്ങൾ രജിസ്റ്റർ

ചെയ്യുന്നതിനുള്ള താൽകാലിക മേൽവിലാസ രേഖയായി സ്വീകരിക്കുന്നുള്ളൂ എന്നും ഉറപ്പുവരുത്തേണ്ടതാണ് .

വിശ്വസ്തതയോടെ,

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ (ഇൻ ചാർജ്ജ്)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ,

20/4/18

ജൂനിയർ സൂപ്രണ്ട്

28/4/18